**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട<br>ചോദ്യം നമ്പർ. 297 | 08.11.2019 - ൽ മറുപടിക്ക്. |

**കുടുംബശ്രീ ഉല്പന്നങ്ങളുടെ വില്പന വർദ്ധിപ്പിക്കുന്നതിന് പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.രാജൻ<br>ശ്രീ. ഇ.കെ.വിജയൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ. എൽദോ എബ്രഹാം | ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |

| ചോദ്യം | മറുപടി |
|---|---|
| (എ) കുടുംബശ്രീ ഉല്പന്നങ്ങളുടെ സ്വീകാര്യത കൂട്ടി വില്പന വർദ്ധിപ്പിക്കുന്നതിനായി സർക്കാർ നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) കുടുംബശ്രീയുടെ ഉല്പന്നങ്ങൾക്ക് സ്വീകാര്യത കൂട്ടി വിപണി ഉറപ്പാക്കുന്നതിനായി 4 തരത്തിലുള്ള വിപണന പ്രവർത്തനങ്ങളാണ് സ്വീകരിച്ചു വരുന്നത്. (1) പ്രാദേശിക-ദേശീയ വിപണന മേളകളിലൂടെയുള്ള വിപണനം (മാസച്ചന്തകൾ, സരസ്സ് ഫെയറുകൾ, മറ്റ് വിപണനമേളകൾ), (2) കുടുംബശ്രീ ഉല്പന്നങ്ങൾക്കായി സ്ഥിരവിപണന കേന്ദ്രങ്ങൾ സ്ഥാപിച്ചുകൊണ്ടുള്ള വിപണനം (ബസാർ, നാനോമാർക്കറ്റ്, കിയോസ്ക്, സംയോജിത വിപണന കേന്ദ്രങ്ങൾ), (3) കുടുംബശ്രീ ഉല്പന്നങ്ങൾ വീടുകളിലെത്തിക്കുന്നതിലൂടെയുള്ള വിപണനം (ഹോംഷോപ്പുകൾ), (4) ഓൺലൈൻ മാർക്കറ്റിംഗിലൂടെ വിപണനം.<br>2018-19 സാമ്പത്തിക വർഷത്തിൽ മേൽ വിപണന പ്രവർത്തനങ്ങളിലൂടെ 38 കോടി രൂപയിലധികം വിറ്റുവരവ് കുടുംബശ്രീ സംരംഭകർക്ക് നേടിക്കൊടുക്കുവാൻ സാധിച്ചു. കുടുംബശ്രീ ഉല്പന്നങ്ങൾക്ക് കൂടുതൽ സ്വീകാര്യത വരുത്തുന്നതിനായി മികച്ച 50 ഉല്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് പൊതു വിപണിയിലെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) കുടുംബശ്രീ വനിതാസംരംഭകരുടെ ഉല്പന്നങ്ങൾ ഓൺലൈൻ വിപണിയിൽ ലഭ്യമാക്കുന്നതിന് ഇ-കോമേഴ്സ് പോർട്ടൽ നിലവിലുണ്ടോ; ആയതിന്റെ പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ അറിയിക്കാമോ; | (ബി) ഉണ്ട്. Kudumbashreebazaar.com എന്ന പേരിൽ ഒരു ഇ-കോമേഴ്സ് പോർട്ടൽ മുഖേന കുടുംബശ്രീ ഉല്പന്നങ്ങൾ വിപണനം നടത്തുന്നുണ്ട്. നിലവിൽ 785 ഉല്പന്നങ്ങൾ പ്രസ്തുത പോർട്ടൽ മുഖേന ലഭ്യമാണ്. കൂടാതെ ഓൺലൈൻ വിപണന കമ്പനിയായ ആമസോൺ മുഖേനയും കുടുംബശ്രീ ഉല്പന്നങ്ങൾ വിപണനം നടത്തി വരുന്നു. ബാഗ്, ഹാൻഡ് ലൂം, ഹാൻഡിക്രാഫ്റ്റ്സ്, സോപ്പ് & റ്റോയിലറ്ററീസ്, ഹെർബൽ പ്രോഡക്ട്സ്, പേഴ്സണൽ കെയർ പ്രോഡക്ട്സ്, ബ്യൂട്ടി പ്രോഡക്ട്സ്, ഹോം & കിച്ചൺ എക്യൂപ്മെന്റ്സ് എന്നീ വിഭാഗങ്ങളിലായി 2019 ഫെബ്രുവരി മുതൽ 275 ഉൽപന്നങ്ങൾ ആമസോൺ വഴി വിൽപ്പന നടത്തുന്നുണ്ട്. വനിതാ സംരംഭകർക്ക് താരതമ്യേന മികച്ച വരുമാനം ഇതുവഴി ലഭിക്കുന്നുണ്ട്. ആമസോണിന് പുറമെ കുടുംബശ്രീ ഉല്പന്നങ്ങൾ മറ്റ് ഓൺലൈൻ പോർട്ടലുകളിലൂടെ (ഫ്ളിപ്പ്കാർട്ട്, ജെം) വിപണനം ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | കുടുംബശ്രീ ഉല്പന്നങ്ങൾ ഇടനിലക്കാരില്ലാതെ നേരിട്ട് വിപണിയിൽ എത്തിക്കുന്നതിനായി സ്ഥാപിച്ച നാട്ടുചന്തകളുടെ പ്രവർത്തനം ഫലപ്രദമാണോ; വ്യക്തമാക്കുമോ; | (സി) | നാട്ടുചന്തകളുടെ പ്രവർത്തനം ഫലപ്രദമായി നടന്നു വരികയാണ്. കുടുംബശ്രീ കർഷകർക്കും മറ്റ് സംരംഭകർക്കും ഇടനിലക്കാരെ ഒഴിവാക്കി ഉപഭോക്താക്കൾക്ക് നേരിട്ട് ഉത്പന്നങ്ങൾ വിൽക്കുന്നതിന് അവസരമൊരുക്കി നൽകുന്നതിനായി 2017 ഒക്ടോബർ മുതലാണ് നാട്ടുചന്തകൾ സംഘടിപ്പിച്ചു തുടങ്ങിയത്. സംസ്ഥാനത്ത് തിരഞ്ഞെടുത്ത 450 സിഡിഎസ്സുകളിൽ നിലവിൽ നാട്ടുചന്തകൾ നടന്നുവരുന്നു. കൂടാതെ കൃഷിവകുപ്പുമായി സഹകരിച്ച് 400 പഞ്ചായത്തുകളിലും ചന്തകൾ നടത്തുന്നുണ്ട്. നാളിതുവരെ 152 ബ്ലോക്കുകളിലായി 22 കോടി രൂപയുടെ വിൽപ്പന നാട്ടുചന്തകളിലൂടെ നടന്നു. |
| (ഡി) | കുടുംബശ്രീ ഉല്പന്നങ്ങൾ പൊതുജന ശ്രദ്ധ ലഭിക്കുന്ന സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുകയും വിപണനം നടത്തുകയും ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ ഏതെല്ലാമെന്ന് അറിയിക്കാമോ? | (ഡി) | കുടുംബശ്രീ ഉല്പന്നങ്ങൾ പൊതുജനശ്രദ്ധ ലഭിക്കുന്ന സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുകയും വിപണനം നടത്തുകയും ചെയ്യുന്നതിലേയ്ക്ക് നാനോമാർക്കറ്റുകൾ, മേളകൾ (ട്രേഡ് ഫെയറുകൾ) എന്നിവ സംഘടിപ്പിച്ചു വരുന്നു. കൂടാതെ പൊതുജനങ്ങൾ കൂടുതലായി ആശ്രയിക്കുന്ന സർക്കാർ വിപണന കേന്ദ്രങ്ങളായ സപ്ലൈകോ മാർക്കറ്റുകൾ, ഹോർട്ടികോർപ്പ് ഔട്ട് ലെറ്റുകൾ എന്നിവയിലും കുടുംബശ്രീ നാനോ മാർക്കറ്റുകൾ ആരംഭിച്ച് ഉല്പന്ന വിപണനം സാധ്യമാക്കിയിട്ടുണ്ട്. |

Signature

സെക്ഷൻ ഓഫീസർ

## വിശദീകരണ കുറിപ്പ്

കുടുംബശ്രീയുടെ ഉല്പന്നങ്ങൾക്ക് സ്വീകാര്യത കൂട്ടി വിപണി ഉറപ്പാക്കുന്നതിനായി 4 തരത്തിലുള്ള വിപണന പ്രവർത്തനങ്ങളാണ് സ്വീകരിച്ചു വരുന്നത്. (1) പ്രാദേശിക-ദേശീയ വിപണന മേളകളിലൂടെയുള്ള വിപണനം (മാസച്ചന്തകൾ, സരസ്സ് ഫെയറുകൾ, മറ്റ് വിപണനമേളകൾ), (2) കുടുംബശ്രീ ഉല്പന്നങ്ങൾക്കായി സ്ഥിരവിപണന കേന്ദ്രങ്ങൾ സ്ഥാപിച്ചുകൊണ്ടുള്ള വിപണനം (ബസാർ, നാനോമാർക്കറ്റ്, കിയോസ്ക്, സംയോജിത വിപണന കേന്ദ്രങ്ങൾ), (3) കുടുംബശ്രീ ഉല്പന്നങ്ങൾ വീടുകളിലെത്തിക്കുന്നതിലൂടെയുള്ള വിപണനം (ഹോംഷോപ്പുകൾ), (4) ഓൺലൈൻ മാർക്കറ്റിംഗിലൂടെ വിപണനം. 2018-19 സാമ്പത്തിക വർഷത്തിൽ മേൽ വിപണന പ്രവർത്തനങ്ങളിലൂടെ 38 കോടി രൂപയിലധികം വിറ്റുവരവ് കുടുംബശ്രീ സംരംഭകർക്ക് നേടിക്കൊടുക്കുവാൻ സാധിച്ചു. കുടുംബശ്രീ ഉല്പന്നങ്ങൾക്ക് കൂടുതൽ സ്വീകാര്യത വരുത്തുന്നതിനായി മികച്ച 50 ഉല്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് പൊതു വിപണിയിലെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കുടുംബശ്രീ ഉല്പന്നങ്ങൾ പൊതുജനശ്രദ്ധ ലഭിക്കുന്ന സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുകയും വിപണനം നടത്തുകയും ചെയ്യുന്നതിലേയ്ക്ക് നാനോമാർക്കറ്റുകൾ, മേളകൾ (ട്രേഡ് ഫെയറുകൾ) എന്നിവ സംഘടിപ്പിച്ചു വരുന്നു. കൂടാതെ പൊതുജനങ്ങൾ കൂടുതലായി ആശ്രയിക്കുന്ന സർക്കാർ വിപണന കേന്ദ്രങ്ങളായ സപ്ലൈകോ മാർക്കറ്റുകൾ, ഹോർട്ടികോർപ്പ് ഔട്ട് ലെറ്റുകൾ എന്നിവയിലും കുടുംബശ്രീ നാനോ മാർക്കറ്റുകൾ ആരംഭിച്ച് ഉല്പന്ന വിപണനം സാധ്യമാക്കിയിട്ടുണ്ട്.

**മാസചന്തകൾ**

കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങൾക്ക് പ്രാദേശിക വിപണി കണ്ടെത്തുന്നതിനായി ബ്ലോക്ക്/നഗരസഭാ/കോർപ്പറേഷൻ തലങ്ങളിൽ സിഡിഎസ് മുഖേന എല്ലാ മാസവും ഒന്നു മുതൽ അഞ്ചു ദിവസം വരെ നീണ്ടു നിൽക്കുന്ന ഉൽപ്പന്ന വിപണന മേളകൾ അഥവാ മാസച്ചന്തകൾ സംഘടിപ്പിച്ചു വരുന്നു. 2017 മുതൽ നാളിതുവരെ 3780 മാസചന്തകളിൽ നിന്നായി 10,22,59,510/- രൂപ വിറ്റു വരവ് നേടിയിട്ടുണ്ട്.

**ട്രേഡ് ഫെയർ**

കുടുംബശ്രീ ഉൽപ്പന്ന വിപണനം സാധ്യമാകുന്ന പ്രാദേശിക/ജില്ലാതല/ സംസ്ഥാന/ദേശീയ ആഘോഷങ്ങൾ/ഉത്സവങ്ങൾ/ വിപണനങ്ങൾ എന്നിവയിലൂടെ ഉടലെടുക്കുന്ന വിപണനാവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി അവയോടനുബന്ധമായി കുടുംബശ്രീ ഉൽപ്പന്ന വിപണന സ്റ്റാളുകൾ സംഘടിപ്പിക്കുന്നതിനും കുടുംബശ്രീ ഉൽപ്പന്ന വിപണനം സാധ്യമാക്കുന്നതിനും ട്രേഡ് ഫെയറുകൾ സംഘടിപ്പിക്കുന്നു. 163 മേളകളിൽ നിന്നായി 3,23,05,623/- രൂപ വിറ്റു വരവ് നേടിയിട്ടുണ്ട്.

**സരസ് മേളകൾ**

ഗ്രാമീണ സ്ത്രീ സംരംഭകർക്ക് ദേശീയ വിപണന സാധ്യതകൾ തുറന്നുകൊടുക്കുന്നതിനായി ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലെയും ഗ്രാമീണ സംരംഭകരെയും കുടുംബശ്രീ സംരംഭകരെയും പങ്കെടുപ്പിച്ചുകൊണ്ട് സരസ് മേളകൾ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ മറ്റ് സംസ്ഥാനങ്ങൾ സംഘടിപ്പിക്കുന്ന സരസ് മേളകളിൽ കുടുംബശ്രീ സംരംഭകരെ പങ്കെടുപ്പിച്ച് അവർക്ക് കേരളത്തിന് പുറത്ത് വിപണി കണ്ടെത്തുന്നതിനും അവസരം നൽകുന്നതിനും പ്രവർത്തനം നടത്തുകയും കേരളത്തിന്റെ പ്രാതിനിധ്യം ഉറപ്പുവരുത്തുകയും ചെയ്യുന്നു. കേരളത്തിൽ സംഘടിപ്പിച്ച മേളകളിൽ നിന്നായി 23 കോടി രൂപയും, മറ്റ് സംസ്ഥാനങ്ങളിൽ സംഘടിപ്പിച്ച മേളകളിൽ നിന്നായി 1.8 കോടി രൂപയും വിറ്റു വരവ് നേടിയിട്ടുണ്ട്.

**ഭക്ഷ്യമേളകൾ**

കഫേ കുടുംബശ്രീ സംരംഭകർക്ക് പെർഫോമൻസ് ഇംപ്രൂവ്മെന്റ് ട്രെയിനിംഗ്, ഓൺ ദ ജോബ് ട്രെയിനിംഗ് നൽകുന്നതിനും മികച്ച വരുമാനം നേടിക്കൊടുക്കുന്നതിനും അതിലൂടെ സ്ഥിരം സംവിധാനമായി പ്രവർത്തിക്കുന്ന കഫേ കുടുംബശ്രീ യൂണിറ്റുകളെ വാർത്തെടുക്കുന്നതിനായി സംസ്ഥാന/ജില്ലാതലത്തിൽ ആരോഗ്യപ്രദമായി നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടുത്തുന്ന കഫേ കുടുംബശ്രീ ഭക്ഷ്യമേളകൾ സംഘടിപ്പിച്ചുവരുന്നു.